(ബി) ഗോഡൗണുകളിൽ പ്രസ്തുത ഭക്ഷ്യ ധാന്യങ്ങൾ ശരിയായി പോളീഷ് ചെയ്യുകയും ബ്രാൻഡ് അരിയാക്കിയും ഗോതമ്പ് പൊടിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കിയും വൻ ലാഭം കൊയ്യുന്ന ഈ ക്രമക്കേടിന് ഉദ്യോഗസ്ഥർ നൽകുന്ന ഒത്താശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പല ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും ശ്രേണിയിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നുണ്ട്. റേഷൻകാർഡുകളും റേഷൻ കടകളിലെ സ്റ്റോക്കുകളുമായി ഒത്തുനോക്കി കാര്യക്ഷമമായി പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പൊതുവിതരണ കമ്മീഷണറിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ താലൂക്ക് അടിസ്ഥാനത്തിലും സപ്ലൈ ഓഫീസർമാരും അതാത് മാസത്തെ വിതരണക്രമവും വിലയും മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. റേഷൻ കടകളിൽ വിലവിവരപട്ടികയും പ്രതിമാസ വിഹിതവും ഉപഭോക്താക്കൾ കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നു. കൂടാതെ റേഷൻ കടകളിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ സാമ്പിൾ കടയിൽ പ്രദർശിപ്പിക്കുന്നതിനായി ഉപഭോക്താക്കൾക്ക് അവ കണ്ട് ബോധ്യപ്പെടുകയും ചെയ്യാവുന്നതാണ്. പി.ഡി.എസ്. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കുവാൻ ഇത് സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇവ്വ. ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

അവശ്യസാധനങ്ങളുടെ വിലവർദ്ധനവ്

271 (1356) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില വർദ്ധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയാണ് ഓരോ വർഷവും അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പ്രസ്തുത തുക നൽകിയത്, വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ചില ഇനങ്ങൾക്ക് വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൽപ്പാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതുമൂലം മുളകിനും പയറുവർഗ്ഗങ്ങൾക്കും പ്രത്യേകിച്ച് ഉഴുന്ന്, തുവര, കടല എന്നിവയുടെ വിലകൾ വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്നുണ്ട്.

(ബി) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

(2) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

(3) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(4) ഉടമ്പടി പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ആവശ്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ താലൂക്ക് സപ്ലൈ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

(5) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(6) പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറി പൗഡറുകൾ, കായം, വാളൻപുളി, ഏലം, അച്ചാർപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(7) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റിടപെടൽ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ വർഷവും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സഹകരണ വകുപ്പിന്റെ കൺസ്യൂമർഫെഡിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയും, കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു.*

ഉപഭോക്തൃ സംരക്ഷണ നിയമം

272 (1357) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഉപഭോക്താക്കൾ എന്ന നിർവ്വചനത്തിന്റെ വ്യാപ്തി വ്യക്തമാക്കുമോ: (ഏതൊക്കെ തരത്തിലുള്ള ഉപഭോക്താക്കളാണ് പ്രസ്തുത നിർവ്വചനത്തിൽ ഉൾപ്പെടുന്നത്):

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly